# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3552 17/10/2011-ൽ മറുപടിയ്ക്ക്

## മരുന്നുകളുടെ ഗുണനിലവാരം

ചോദ്യം / മറുപടി

ശ്രീ. റ്റി. യു. കുരുവിള:
ശ്രീ. മോൻസ് ജോസഫ്:

ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിൻെറ കീഴിലുള്ള എല്ലാ ആശുപത്രികളിലും വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരത്തെക്കുറിച്ച് പഠിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഉണ്ടോ; ഇതേക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേന്ദ്ര ഡ്രഗ്സ് ആൻറ് കോസ്മെറ്റിക്സ് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന ഗുണനിലവാര പരിശോധന നടത്തിയാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന് സംഭരിച്ച് വിതരണം ചെയ്യുന്നത്. മരുന്ന് നിർമ്മാതാവിൻെറ ഗുണനിലവാര സർട്ടിഫിക്കറ്റ് സഹിതം ലഭിക്കുന്ന ഓരോ ബാച്ച് മരുന്നിൻെറയും സാമ്പിളുകൾ കോർപ്പറേഷനിലെ ക്വാളിറ്റി കൺട്രോൾ വിഭാഗം പരിശോധന നടത്തി നിർമ്മാതാവിൻെറ ഐഡൻറിഫിക്കേഷൻ തിരിച്ചറിയാത്ത വിധത്തിൽ സാമ്പിളുകൾ കോഡിംഗ് സംവിധാനത്തിലൂടെ രാജ്യത്തെ സർക്കാർ അംഗീകാരമുള്ള 9 പ്രശസ്ത മരുന്ന് പരിശോധനാ ലബോറട്ടറികളിൽ അയയ്ക്കുന്നു. ഇത്തരത്തിൽ ഗുണനിലവാര പരിശോധനയിൽ ഗുണനിലവാരം ഉള്ളവയെന്ന് കണ്ടെത്തുന്ന മരുന്നുകൾ മാത്രമാണ് കോർപ്പറേഷൻ ആശുപത്രികളിൽ വിതരണം ചെയ്യുന്നത്. |
| (ബി) | സർക്കാരിൻെറ കീഴിലുള്ള ഫാർമസികളിൽ ഏറെ നാളുകളായി ജോലി ചെയ്യുന്ന പാരാമെഡിക്കൽ സ്റ്റാഫിൻെറ സർവ്വീസ് റെഗുലറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സർക്കാരിൻെറ കീഴിലുള്ള ഫാർമസികളിൽ നിയമാനുസൃതമായി സ്ഥിരം തസ്തികയിൽ ജോലിചെയ്യുന്ന പാരാമെഡിക്കൽ സ്റ്റാഫിൻെറ സർവ്വീസ് നിശ്ചിത നടപടികൾ പൂർത്തിയായതിനുശേഷം റെഗുലറൈസ് ചെയ്യുന്ന പ്രക്രിയ തുടർച്ചയായി നടന്നുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ജീവൻ രക്ഷാ മരുന്നുകൾ ന്യായവിലഷോപ്പുകളിലൂടെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; എന്തെല്ലാം നടപടി സ്വീകരിച്ചു വെന്ന് വ്യക്തമാക്കാമോ? | (സി) | വിലകൂടിയതും ബ്രാൻഡഡ് ഇനത്തിലും പെട്ട മരുന്നുകൾ കോർപ്പറേഷൻ നേരിട്ട് നിർമ്മാതാക്കളിൽ നിന്ന് സംഭരിച്ച് ഒരു വില്പന കൗണ്ടർ മുഖേന മിതമായ വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് സാധ്യത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കൊച്ചി യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിയുടെ മാനേജ്മെൻറ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ